# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1139 — 13.12.2012 - ൽ മറുപടിക്ക്

## ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ് | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഹൈസ്കൂൾ അസിസ്റ്റന്റ് ഫിസിക്കൽ സയൻസ് (മലയാളം മീഡിയം) തസ്തികയിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തു; ശേഷിക്കുന്ന ഒഴിവുകൾ ഉടൻ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമോ; | (എ) പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയിൽ 01.10.2012-ൽ 28 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 6 ഒഴിവുകൾ എൻ.സി.എ.(No candidate available) യും 4 ഒഴിവുകൾ എൻ.ജെ.ഡി.(Non joining duty)യും ആണ്. ഈ 10 ഒഴിവുകൾ കുറച്ച് ബാക്കിയുള്ള 18 ഒഴിവുകളിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് നീക്കി വച്ച 5 ഒഴിവുകളും പ്രൈമറി അദ്ധ്യാപകരുടെ എച്ച്.എസ്.എ. പ്രൊമോഷൻ നൽകുന്നതിലേക്കായി മാറ്റി വച്ച 2 ഒഴിവുകളും ബൈ ട്രാൻസ്ഫർ നിയമനത്തിനായി നീക്കി വച്ച 2 ഒഴിവുകളും(ആകെ 9 എണ്ണം) കഴിച്ച് ബാക്കിയുള്ള 9 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമ പ്രകാരം റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യതയായ ബി.എസ്.സി. കെമിസ്ട്രിക്ക് തുല്യമായി ബി.എസ്.സി. ഇൻഡസ്ട്രിയിൽ കെമിസ്ട്രി (വൊക്കേഷണൽ) കൂടി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.